"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതി- 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

G.O.(Rt) No.2807/2022/LSGD തീയതി,തിരുവനന്തപുരം, 15-11-2022

---

പരാമർശം:- 1. ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് 15/10/2022 ൽ ബഹു. തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിതരുടേയും 2019-ലെ പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് അഡീഷണൽ ലിസ്റ്റിലേയും അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവനപദ്ധതിയ്ക്കായി വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വികസന ഫണ്ട് ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

2. ഇത്തരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതി നിർവ്വഹണത്തിനായി ത്രിതല പഞ്ചായത്ത് വിഹിതമായി ലഭിയ്ക്കുവാൻ സാദ്ധ്യതയുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി ഇനത്തിൽ വകയിരുത്തുവാൻ സാധിയ്ക്കുന്നതുമായ പരമാവധി തുക വിനിയോഗിച്ച് ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണത്തിനായുള്ള പദ്ധതിയും ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR G
ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ , തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ഡി.ആർ.എഫ്.സി, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sheeba S C**
**Date: 15-11-2022 10:34:05**

സെക്ഷൻ ഓഫീസർ